# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:*304 15.12.2014 ൽ മറുപടിക്ക്

**<u>പൊതുഗതാഗതത്തിന് പ്രാധാന്യം നല്കിയുള്ള ഗതാഗത പരിഷ്ക്കാരങ്ങൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ്:<br>ശ്രീ. എ. പ്രദീപ്കുമാർ:<br>ശ്രീ.വി. ചെന്താമരാക്ഷൻ:<br>ഡോ. കെ.ടി. ജലീൽ : | | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | പൊതു റോഡുകളിൽ പൊതു ഗതാഗതത്തിന് കൂടുതൽ പ്രാധാന്യം നൽകാനും സ്വകാര്യ വാഹനങ്ങളുടെ അനിയന്ത്രിതമായ ഉപയോഗം നിയന്ത്രിക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | ദേശീയ നഗര ഗതാഗത നയം (നാഷണൽ അർബൻ ട്രാൻസ്പോർട്ട് പോളിസി) പൊതുഗതാഗതത്തിന് കൂടുതൽ പ്രാധാന്യം നൽകാനും സ്വകാര്യ വാഹനങ്ങളുടെ അനിയന്ത്രിതമായ ഉപയോഗം നിയന്ത്രിക്കുവാനും വിഭാവനം ചെയ്യുന്നുണ്ട്. ദേശീയ ഗതാഗത ആസൂത്രണ ഗവേഷണ കേന്ദ്രം (നാറ്റ്പാക്) ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ള കേരളത്തിന്റെ കരട് ഗതാഗത നയത്തിലും ഇതിന് കൂടുതൽ പ്രധാന്യം നൽകുന്നതിന് ശുപാർശ ചെയ്യുന്നുണ്ട്.<br>നിലവിലെ മോട്ടോർ വാഹന നിയമപ്രകാരം പൊതുനിരത്തുകളിൽ പൊതുഗതാഗതത്തിന് മുൻഗണന നൽകാനായി സ്വകാര്യ വാഹനങ്ങളുടെ ഉപയോഗം നിയന്ത്രിക്കാൻ സാധ്യമല്ല.<br>എന്നിരുന്നാലും പൊതുഗതാഗതത്തിന് മുൻഗണന നൽകാനായി കെ.എസ്.ആർ.ടി.സി മുഖേന ഉള്ള കേന്ദ്ര സർക്കാരിന്റെ ജൻറം പദ്ധതി നഗരത്തിന്റെ പ്രാന്തപ്രദേശങ്ങളിൽ നിന്നും വരുന്ന സ്വകാര്യ വാഹനങ്ങൾ നഗരകവാടങ്ങളിൽ പാർക്ക് ചെയ്ത് അവിടെ നിന്ന് പൊതുഗതാഗത സംവിധാനത്തിന് കീഴിലുള്ള ബസ്സുകളിൽ യാത്ര ചെയ്ത് നഗരത്തിലെ ഗതാഗത കുരുക്ക് ഒഴിവാക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടു കൂടിയുള്ളതാണ്. ഇത്തു ബസ്സുകൾ ഉപയോഗിച്ച് തിരുവനന്തപുരം, എറണാകുളം നഗരങ്ങളിൽ |

| | | | |
|---|---|---|---|
| | | | സർവ്വീസ് നടത്തി വരുന്നുണ്ട്. നഗരകവാടങ്ങളിൽ ആവശ്യമായ പാർക്കിംഗ് സൗകര്യം ഒരുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ മൂലം പദ്ധതി കൊണ്ട് ലക്ഷ്യമിട്ട ഉദ്ദേശം കൈവരിക്കാനായിട്ടില്ല.<br>ധാരാളം ആൾക്കാരെ ഒരുമിച്ച് കൊണ്ടുപോകുന്ന കൊച്ചി മെട്രോ നടപ്പിലാക്കിയും സ്വകാര്യ വാഹനങ്ങൾ ഉപയോഗിക്കുന്നതിനേക്കാൾ പൊതുഗതാഗത സംവിധാനങ്ങൾ ഉപയോഗിക്കുന്നത് മൂലം വ്യക്തികൾക്കും സമൂഹത്തിനുമുണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിച്ചും സ്വകാര്യ വാഹനങ്ങളുടെ അനിയന്ത്രിതമായ ഉപയോഗം നിയന്ത്രിക്കാനും സർക്കാർ ഉദ്ദേശിക്കുന്നു. |
| (ബി) | നിലവിൽ റോഡുകളിൽ ഏറ്റവും പ്രാധാന്യം ബസ് ഉൾപ്പെടെയുള്ള പൊതുവാഹനങ്ങൾക്ക് തന്നെ യാണോ; ഇതു സംബന്ധമായ സമീപനം വിശദമാക്കാമോ; | (ബി) | നിലവിൽ കേരളത്തിലെ പൊതുനിരത്തുകളിൽ ആംബുലൻസ്, ഫയർ ഫോഴ്സ് എന്നിവക്കാണ് മുൻഗണന. |
| (സി) | ഗതാഗതക്കുരുക്ക് കൂടുതലുള്ള നഗരങ്ങളിൽ പൊതു വാഹനങ്ങൾ കടത്തി വിടുകയും സ്വകാര്യ വാഹനങ്ങളെ നിയന്ത്രിക്കുകയും ചെയ്യു ന്നുണ്ടോ; ഇല്ലെങ്കിൽ അതിന് തയ്യാറാക്കുമോ; | (സി) | ഇപ്പോൾ ചരക്ക് കയറ്റിയ ലോറികൾ, ഗ്യാസ് ടാങ്കറുകൾ, ടിപ്പറുകൾ മുതലായ വാഹനങ്ങൾക്ക് സമയനിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ഗതാഗത പരിഷ്കാരങ്ങൾ ഏർപ്പെടുത്തുമ്പോൾ കാൽനട യാത്രക്കാരും സൈക്കിൾ യാത്രക്കാരും ബസ് യാത്രക്കാരും അവഗണിക്കപ്പെടുന്നതും ഫുട്പാത്തുകൾ സ്വകാര്യ വാഹനങ്ങൾ കൈയ്യേറുന്നതുമായ | (ഡി) | ഉണ്ട്. കാൽനടയാത്രക്കാർ, സൈക്കിൾ യാത്രക്കാർ, ബസ് യാത്രക്കാർ എന്നിവർ അവഗണിക്ക പ്പെടുന്നതും, ഫുട്പാത്തുകൾ സ്വകാര്യവാഹനങ്ങൾ കൈയ്യേറുന്നതും കണ്ടു വരുന്നുണ്ട്. ഈ പ്രവണത ഒഴിവാക്കുന്നതിന് ബോധവൽക്കരണം ഉൾപ്പെടെയുള്ള ആവശ്യമായ നടപടികൾ വകുപ്പിന്റെ എൻഫോഴ്സമെന്റ് |

| | | | |
|---|---|---|---|
| | സ്ഥിതിവിശേഷം സർക്കാർ പരിഗണിച്ചിട്ടുണ്ടോ? | | സ്ക്വാഡുകൾ എടുത്തു വരുന്നുണ്ട്.<br>കാൽനടയാത്രയും സൈക്കിൾയാത്രയും പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി വീതി കൂടിയ ഫുട്പാത്ത്, സൈക്കിൾ ട്രാക്ക് എന്നിവ നൽകേണ്ടിവരും. ഇവർക്ക് വേണ്ട റോഡു വീതിയില്ലായ്മയാണ് പലപ്പോഴും പ്രശ്നങ്ങൾക്കു കാരണം. കേരളത്തിലെ നാല് കോർപ്പറേഷനുകളിൽ ടൗൺ ആൻഡ് കൺട്രി പ്ലാനിങ്ങ് ഡിപ്പാർട്ട്മെന്റിന് വേണ്ടി ദേശീയ ഗതാഗത ആസൂത്രണ ഗവേഷണ കേന്ദ്രം (നാറ്റ്പാക്) ഈ വിഷയത്തിൽ പഠനം നടത്തിയിട്ടുണ്ട്. കൊച്ചി നഗരത്തിൽ കാൽനട യാത്രാസംവിധാനം മെച്ചപ്പെടുത്തുന്ന തിനുവേണ്ടിയുള്ള പഠന റിപ്പോർട്ട് നാറ്റ്പാക് സമർപ്പിച്ചിട്ടുണ്ട്.<br>പ്രത്യേക സൈക്കിൾപാതകൾ നിർമ്മിക്കുന്നത് പരിഗണനാർഹമാണെന്നും തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ അവ ഏർപ്പെടുത്താവുന്നതാണെന്നും പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ